പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3232 | 21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.ക്ക് വിദേശ ഏജൻസിയിൽ നിന്നും സാമ്പത്തിക സഹായം

ചോദ്യം

ശ്രീ.കെ.ബി.ഗണേഷ് കുമാർ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സിയുടെ നവീകരണത്തിനുവേണ്ടി ഏതെങ്കിലും വിദേശ രാജ്യത്തുനിന്നും കുറഞ്ഞ പലിശയ്ക്ക് പണം കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;</td><td rowspan="5">(എ) യും<br>(ബി) യും<br>(സി) യും<br>(ഡി) യും<br>(ഇ) യും</td><td rowspan="5">കൊച്ചി മേഖലയിൽ ലോ കാർബൺ ബസുകൾ നിരത്തിലിറിക്കുന്നതിനായി kfw (ജർമ്മൻ ധനകാര്യ സ്ഥാപനം)-യിൽ നിന്നും വായ്പ ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ടി പ്രോജക്ടിന് ഏകദേശം 586.26 കോടി രൂപ ചെലവ് വരുമെന്നാണ് പ്രാഥമിക നിഗമനം. ടി പരിശോധന പൂർത്തിയായതിനു ശേഷം മാത്രമേ കൂടുതൽ വിവരം ലഭ്യമാക്കാനാകുകയുള്ളൂ.</td></tr>
<tr><td>(ബി)</td><td>ഉണ്ടെങ്കിൽ എവിടെനിന്ന്, എത്ര തുകയാണ് കടമായി എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമായി വ്യക്തമാക്കുമോ;</td></tr>
<tr><td>(സി)</td><td>ഇത്തരത്തിൽ വായ്പ നൽകുന്ന വിദേശ ഏജൻസികളുടെ പ്രവർത്തന പശ്ചാത്തലം, വിശ്വസനീയത, സുതാര്യത എന്നിവ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കുമോ;</td></tr>
<tr><td>(ഡി)</td><td>വിദേശ ഏജൻസിയിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ;</td></tr>
<tr><td>(ഇ)</td><td>അനുമതി ആവശ്യമുണ്ടെങ്കിൽ ആയത് നേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**